I/107532/2023

**സംസ്ഥാനതല അദാലത്ത് സമിതി 21/10/2023 ഉച്ചയ്ക്ക് 12.00 മണിക്ക് തദ്ദേശ സ്വയം ഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ മിനുട്സ്**

തദ്ദേശ സ്വയം ഭരണ അദാലത്ത് സമിതി തദ്ദേശ സ്വയം ഭരണ പ്രിൻസിപ്പൽ ഡയറക്ടറുടെ അധ്യക്ഷതയിൽ ചേരുകയുണ്ടായി പ്രസ്തുത സമിതിയിൽ ചുവടെപ്പറയുന്ന അംഗങ്ങൾ പങ്കെടുത്തു.

1. ശ്രീ . എച്ച് . ദിനേശൻ IAS ഡയറക്ടർ (റൂറൽ)
2. ശ്രീ. പ്രമോദ് കുമാർ സി.പി. ( ചീഫ് ടൌൺ പ്ലാനൻ)
3. ശ്രീ. ബാലഗോപാൽ പി. സി.( ചീഫ് വിജിലൻസ് ഓഫീസർ)
4. തുമ്പമൺ ഗ്രാമപഞ്ചായത്ത് സെക്രട്ടറി
5. മണക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി
6. ശ്രീ. ചന്ദ്ര ലാൽ കെ കെ (പരാതിക്കാരൻ)
7. ശ്രീ. ഫിലിപ്പ് ജോൺ (പരാതിക്കാരൻ)

**പരാതി നമ്പർ. 1 : ശ്രീ. ചന്ദ്ര ലാൽ കെ. കെ (DOCNo. BPPTA 30414000001)**

മണക്കാട് ഗ്രാമപഞ്ചായത്തിൽ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് മണക്കാട്, കൊന്നയ്ക്കൽ വീട്ടിൽ ശ്രീ. ചന്ദ്രലാൽ. കെ.കെ. യ്ക്ക് A4- BA(119784)/2023 പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചിട്ടുള്ളതും ടി കെട്ടിട നിർമ്മാണത്തിനായി മണ്ണ് നീക്കം ചെയ്യുന്നതിന് മൂവ്മെന്റ് പെർമിറ്റിന് വേണ്ടി 47400/- രൂപ റോയൽറ്റി 05.06.2023 ന ട്രഷറിയിൽ ഒടുക്കി രസീത് ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ 12.06.2023 ൽ SE3-2789/2023 നമ്പർ പ്രകാരം മണക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മൂവ്മെന്റ് പെർമിറ്റും 296 പാസ്സുകളും അനുവദിച്ചിട്ടുള്ളതുമാണ്. മൂവ്മെന്റ് പെർമിറ്റിന്റെ കാലവധി 13.06.2023 മുതൽ 03.07.2023 വരെ ആയിരുന്നു. തുടർന്ന് മൂവ്മെന്റ് പെർമിറ്റ് അനുവദിക്കുന്നത് സംബന്ധിച്ച്.

പ്രസ്തുത പരാതി സമിതി പരിശോധിച്ചതിൽ മണക്കാട് ഗ്രാമപഞ്ചായത്തിൽ പാർപ്പിടാവശ്യത്തിനുള്ള കെട്ടിടം നിർമ്മിക്കുന്നതിന് മണക്കാട്, കൊന്നയ്ക്കൽ വീട്ടിൽ ശ്രീ. ചന്ദ്രലാൽ. കെ.കെ. യ്ക്ക് A4-BA(119784)/2023 പ്രകാരം കെട്ടിട നിർമ്മാണ പെർമിറ്റ് അനുവദിച്ചിട്ടുള്ളതും ടി കെട്ടിട നിർമ്മാണത്തിനായി മണ്ണ് നീക്കം ചെയ്യുന്നതിന് മൂവ്മെന്റ് പെർമിറ്റിന് വേണ്ടി 47400/- രൂപ റോയൽറ്റി 05.06.2023 ന് ട്രഷറിയിൽ ഒടുക്കി രസീത് ഹാജരാക്കിയതിന്റെ അടിസ്ഥാനത്തിൽ 12.06.2023 ൽ SE3-2789/2023 നമ്പർ പ്രകാരം മണക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി മൂവ്മെന്റ് പെർമിറ്റും 296 പാസ്സുകളും അനുവദിച്ചിട്ടുള്ളതുമാണ്. മൂവ്മെന്റ് പെർമിറ്റിന്റെ കാലവധി 13.06.2023 മുതൽ 03.07.2023 വരെ ആയിരുന്നു. മൂവ്മെന്റ് പെർമിറ്റ് അനുവദിക്കുന്നത് ഫോറം S ലാണ്. ടി ഫോറത്തിന്റെ ഇനം നമ്പർ 9 ൽ, "ഏതെങ്കിലും അപ്രതീക്ഷിത സംഭവത്തിന്റെ പേരിൽ മണ്ണ് നീക്കം ചെയ്യാനുള്ള കാലാവധി തീരുന്നതിന് മുമ്പ് അനുവദനീയമായ അളവിൽ മണ്ണ് കൊണ്ടുപോകാൻ കഴിഞ്ഞില്ലെങ്കിൽ, (1),ഈ മണ്ണ് നീക്കം ചെയ്യാനുള്ള കാലാവധി കഴിഞ്ഞ് രണ്ടാഴ്ച്ചയ്ക്കകം ന്യായമായ തെളിവുകളോടെ മൂവ്മെന്റ് പെർമിറ്റ് ഉടമ ഈ ഓഫീസിൽ രേഖാമൂലം അറിയിക്കേണ്ടതാണ്. (2),ഉപയോഗിക്കാത്ത മിനറൽ ട്രാൻസിറ്റ് പാസുകൾ തിരികെ നൽകണം. (3),പെർമിറ്റ് ഉടമ രണ്ടാഴ്ചയ്ക്കുള്ളിൽ ഇക്കാര്യം അറിയിക്കുന്നതിൽ പരാജയപ്പെട്ടാൽ, മിനറൽ ട്രാൻസിറ്റ് പാസിന്റെ മൂവ്മെന്റ് പെർമിറ്റ് നീട്ടുന്നതിനോ വീണ്ടും സാധുത നൽകുന്നതിനോ ഉള്ള അപേക്ഷ പരിഗണിക്കാൻ പാടില്ല എന്നിങ്ങനെയാണ്" നിബന്ധന ചേർത്തിട്ടുള്ളത്. ആയത് അനുസരിച്ച് പെർമിറ്റിന്റെ കാലാവധി അവസാനിച്ച ശേഷം രണ്ടാഴ്ച്ചയ്ക്കുള്ളിൽ (ആയത് 18.07.2023 തീയതിക്കകം) അപേക്ഷകൻ രേഖാമൂലം മണ്ണ് നീക്കം ചെയ്യാൻ കഴിയാത്ത സാഹചര്യം എഴുതി പഞ്ചായത്തിനെ അറിയിക്കുകയും ഉപയോഗിക്കാത്ത പാസ്സുകൾ തിരികെ നൽകേണ്ടതുമായിരുന്നു. മൂവ്മെന്റ് പെർമിറ്റ് പുതുക്കുന്നതിനായി അപേക്ഷകൻ 08.08.2023 ൽ ആണ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയ്ക്ക് അപേക്ഷ നൽകിയിട്ടുള്ളത്. നിശ്ചിത സമയ പരിധിയായ 2 ആഴ്ച്ചയ്ക്കുള്ളിൽ അപേക്ഷ സമർപ്പിക്കുന്നതിന് കഴിയാത്തതിനാൽ കാലാവധി ഗ്രാമപഞ്ചായത്തിൽ നിന്നും നീട്ടി നൽകിയിട്ടില്ല.

കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്ത് നിന്നും പ്രതികൂല കാലാവസ്ഥ കാരണം മണ്ണ് ഒട്ടും തന്നെ നീക്കുന്നതിന് പരാതിക്കാരന് കഴിഞ്ഞിട്ടില്ലാത്തതാണ്. കെട്ടിടം നിർമ്മിക്കുന്ന ഭാഗത്തെ മണ്ണ് മുൻ അനുമതി ലഭിച്ചത് പ്രകാരം നീക്കുന്നതിന് കാലാവധി നീട്ടി തരണമെന്നുള്ളതാണ് പരാതിയിലെ ആവശ്യം.

ടി വിഷയം ഉപജില്ലാ സമിതിയും, ഇടുക്കി ജില്ലാതല സമിതിയും പരിഗണിച്ച ശേഷം സംസ്ഥാന തല അദാലത്ത് സമിതിയുടെ 21/10/2023 തീയതയിലെ യോഗത്തിൽ പരിഗണനയ്ക്ക് വന്നിട്ടുള്ളതാണ്.

**നടപടി :** 2015 ലെ കേരള മൈനർ മിനറൽ കൺസഷൻ റൂൾ 2015 ന്റെ 2023 ലെ ഭേദഗതി പ്രകാരം 3000 ചതുരശ്ര അടി വരെയുള്ള കെട്ടിടം നിർക്കുന്ന സ്ഥലത്തെ മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അനുമതി നൽകുന്നതിന് തദ്ദേശസ്ഥാപനങ്ങൾക്ക് അധികാരം ലഭ്യമായിട്ടുള്ളതാണ്. മൂവ്മെന്റ് പെർമിറ്റ് അനുവദിക്കുന്ന ഫോറം S ൽ 9-ാം നമ്പർ കണ്ടീഷനായി " If the permitted quantity of ordinary earth could not be transported before the expiry of this movement permit on account of any unforeseen event, the movement permit holder shall notify the same in writing to this office within two weeks of expiry of this movement permit with reasonable evidence thereof and shall return the unused mineral transit passes. If the permit holder fails to notify the matter within two weeks, the competent authority ***may not*** consider the application of extension of movement permit or re validation of mineral transit pass. എന്നിങ്ങനെ ആണ് നിബന്ധന ചേർത്തിട്ടുള്ളത്. ഫോറം S ലെ നിബന്ധനയിൽ പറയുന്ന കാലവധി കഴിഞ്ഞ് 20 ദിവസം കഴിഞ്ഞാണ് അപേക്ഷകൻ പഞ്ചായത്തിൽ കാലാവധി നീട്ടി തരുന്നതിന് അപേക്ഷ സമർപ്പിക്കുന്നത്. കട്ടുത്ത മഴയുള്ളതിനാലാണ് മണ്ണ് നീക്കം ചെയ്യാൻ കഴിയാത്തത്. ഈ കാലയളവിൽ സംസ്ഥാന ദുരന്ത നിവാരണ അതോരിറ്റി സംസ്ഥാനത്ത് പലയിടത്തും ഖനനം നിരോധിച്ചിട്ടുള്ളതാണ്. 3000 ചതുരശ്ര അടിക്ക് മുകളിൽ മണ്ണ് ഖനനം ചെയ്യുന്നതിനുള്ള അനുമതി നൽകുന്നത് ജിയോളജി വകുപ്പാണ്. ഇത്തരം സാഹചര്യങ്ങളിൽ മണ്ണ് നീക്കം ചെയ്യുന്നതിന് വകുപ്പിൽ നിന്നും കാലാവധി നീട്ടി നൽകുന്നത് സാധാരണമാണെന്ന് അന്വേഷണത്തിൽ മേൽ വകുപ്പിൽ നിന്നും അറിയാൻ കഴിഞ്ഞിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും, എ.ഇ എൽ.എസ്.ജി.ഡിയും സംയുക്ത ഫീൽഡ് തല പരിശോധ നടത്തി നീക്കം ചെയ്യേണ്ടതായിട്ടുള്ള മണ്ണിന്റെ അളവ് ഉറപ്പ് വരുത്തിക്കൊണ്ട് മുൻപ് നൽകിയിട്ടുള്ള പാസുകൾ റീവാലിഡേറ്റ് ചെയ്തു നൽകുന്നതിന് നിർദ്ദേശിച്ച് തീരുമാനിച്ചു.

**തീരുമാനം :** പ്രസ്തുത അപേക്ഷയിന്മേൽ മണക്കാട് ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ് .

**<u>പരാതി നമ്പർ. 2 : ശ്രീ. ഫിലിപ്പ്സ് ജോൺ DOCNo. BPPTA 30414000001)</u>**

പത്തനംതിട്ട ജില്ലയിൽ അടൂർ താലൂക്കിൽ തുമ്പമൺ വില്ലേജിൽ റിസർവ്വ നമ്പർ 38/8 ൽ പ്പെട്ട സ്ഥലത്ത് തുമ്പമൺ ഗ്രാമപഞ്ചായത്തിന്റെ 01/10/2021 ലെ TI-BA-222592/2021 നമ്പർ കെട്ടിടം നിർമ്മാണ പെർമിറ്റ് പ്രകാരം ഫിലിപ്പ്സ് ജോൺ & അന്നമ്മ ഫിലിപ്പ്സ് എന്നിവർ നിർമ്മാണം പൂർത്തിയാക്കിയ വാസഗൃഹത്തിന്റെ കംപ്ലീഷൻ പ്ലാനിൽ KPBR ലംഘനങ്ങൾ കണ്ടെത്തിയതിനാൽ ഗ്രാമപഞ്ചായത്തിൽ നിന്നും ടി കെട്ടിടത്തിന് നമ്പറിട്ട് നൽകുന്നില്ല എന്ന പരാതി ജില്ലാ സമിതിയിൽ നിന്നും സംസ്ഥാന തല സമിതിയിലേക്ക് നൽകിയതിന്റെ അടിസ്ഥാനത്തിൽ 21-10-2023 തിയതിയിൽ കൂടിയ സംസ്ഥാനതല അദാലത്ത് സമിതിയിൽ പരിഗണനയ്ക്ക് വന്നിട്ടുള്ളതാണ്.

പന്തളം - പത്തനംതിട്ട റോഡിൽ തുമ്പമൺ ജംഗ്ഷനിൽ നിന്നും ഉദ്ദേശം 200 മീറ്റർ മുൻപോട്ട് മാറി റോഡിന്റെ ഇടതുവശത്തായി കെട്ടിടം സ്ഥിതി ചെയ്യുന്നു. പ്ലോട്ടിന്റെ തെക്ക് ഭാഗത്ത് പന്തളം- പത്തനംതിട്ട റോഡും, പടിഞ്ഞാറ് ഭാഗത്ത് മൂന്ന് മീറ്റർ വീതിയുള്ള പഞ്ചായത്ത് റോഡും, വടക്ക് കിഴക്ക് ഭാഗങ്ങളിൽ കൃഷിയിടങ്ങളും കാണപ്പെടുന്നു. വാസഗൃഹത്തിന്റെ നിർമ്മാണം പൂർത്തിയായിട്ടുള്ളതാണ്. പ്ലോട്ടിന്റെ കിഴക്ക് ഭാഗത്തായി, പ്ലോട്ടിന്റെ കിഴക്ക് അതിരിനോട് ചേർന്നും, പ്ലോട്ടതിരിൽ നിന്നും 70 cm ദൂരപരിധിയിൽ കിണറിന്റെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. KPBR 2019 ചട്ടം 75(2) ലംഘിക്കുന്നതിനാലാണ് ഗ്രാമപഞ്ചായത്തിൽ നിന്നും കെട്ടിടത്തിന് ഒക്യുപ്പൻസി നൽകാത്തത്.ടി കിണർ വളരെ പഴക്കമുള്ളതാണെന്നും ആയത് നവീകരിക്കുക മാത്രമാണ് ചെയ്തത് എന്ന് പരാതിക്കാരൻ ബോധിപ്പിച്ചിട്ടുണ്ടെങ്കിലും, ഇത് പുതിയ കിണറായി കാണപ്പെടുന്നു എന്ന് ഇന്റേണൽ വിജിലൻസ് ഓഫീസർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കെട്ടിട നിർമ്മാണത്തിനുള്ള പെർമിറ്റ് പ്ലാനിൽ കിണർ നിലവിലുള്ളതായി രേഖപ്പെടുത്തിയിട്ടില്ല.

KPBR 2019 ചട്ടം 75 (2) (ii) പ്രകാരം കിണറിന് 1.20 മീറ്റർ അകലം വേണ്ടിടത്ത് 70 സെന്റീ മീറ്റർ

അകലം മാത്രമാണുള്ളത്. താൻ വിലയ്ക്ക് വാങ്ങിയ 20 സെന്റ് സ്ഥലത്ത് കാട്ടു പിടിച്ചു കിടന്നതും ഏകദേശം 100 വർഷത്തിലധികം പഴക്കമുണ്ടെന്നു പറയുന്നതുമായ ഒരു പൊട്ട കിണർ ഉണ്ടായിരുന്നു എന്നും, പ്ലാൻ വരയ്ക്കുന്ന സമയത്ത് അത് ശ്രദ്ധയിൽ പെട്ടിരുന്നില്ലാ എന്നും, വീട്ടു പണി നടന്നുകൊണ്ടിരുന്ന സമയത്ത് ഉപയോഗശൂന്യമായി കിടന്ന കിണർ വൃത്തിയാക്കിയെടുക്കുകയാണ് ചെയ്തതെന്നും കെട്ടിട ഉടമ പറയുന്നു.

**നടപടി** : ഗ്രാമപഞ്ചായത്ത് സെക്രട്ടറി സ്ഥലത്ത് അന്വേഷണം നടത്തി റൂൾ നിലവിൽ വരുന്നതിന് മുമ്പുള്ള കിണർ നിർമ്മാണം ആണെന്ന് ഉറപ്പ് വരുത്തുവാൻ കഴിയുന്ന പക്ഷം കിണറിന്റെ അതിരിൽ നിന്നുള്ള അകലം പരിഗണിക്കാതെ കെട്ടിടത്തിന് നമ്പർ നൽകുന്നത് നടപടി സ്വീകരിക്കാവുന്നതും, റൂൾ നിലവിൽ വന്നതിന് ശേഷമാണ് കിണർ നിർമ്മാണം നടന്നിട്ടുള്ളത് എന്ന് സെക്രട്ടറിക്ക് ബോധ്യപ്പെടുന്ന പക്ഷം കിണർ മൂടുന്നതിനുള്ള നിയമാനുസരണമുള്ള നടപടി സ്വീകരിച്ച് ടി പ്ലോട്ടിൽ പുതുതായി നിർമ്മിച്ച കെട്ടിടത്തിന് നമ്പർ അനുവദിക്കേണ്ടതാണ്.

**തീരുമാനം** : പ്രസ്തുത അപേക്ഷയിന്മേൽ തുമ്പമൺ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നടപടി സ്വീകരിക്കേണ്ടതാണ് .

H. DINESHAN IAS
DIRECTOR

Signed by
H. Dineshan Ias
Date: 25-10-2023 23:05:35